**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3294** **26-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി നിയമിച്ച വിദ്യാഭ്യാസ വിദഗ്ധന്മാരുടെ ശമ്പളം, മറ്റ് അലവൻസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യഭ്യാസ സംരക്ഷണയജ്ഞത്തിന്റെ വിദ്യാഭ്യാസ വിദഗ്ധനായി നിയമിതനായിരുന്ന ഡോ.സി. രാമകൃഷ്ണന് നിയമിക്കപ്പെട്ട കാലയളവിൽ നൽകിയ പ്രതിഫലം/ ശമ്പളം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ വിദ്യാഭ്യാസ വിദഗ്ധനായി നിയമിതനായിരുന്ന ഡോ.സി. രാമകൃഷ്ണന് സെപ്റ്റംബർ 2017 മുതൽ ഒക്ടോബർ 2021 വരെയുള്ള കാലയളവിൽ ശമ്പളമായി 24,32,266/- ( ഇരുപത്തി നാല് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി ഇരുന്നൂറ്റി അറുപത്തി ആറ് രൂപ മാത്രം ) രൂപയും യാത്രാബത്തയായി 1,15,986/- (ഒരു ലക്ഷത്തി പതിനയ്യായിരത്തി തൊള്ളായിരത്തി എൺപത്തി ആറ് രൂപ മാത്രം) രൂപയും നൽകിയിട്ടുണ്ട്. മറ്റ് അലവൻസുകൾ ഒന്നും തന്നെ നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത വ്യക്തി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ വിദ്യാഭ്യാസ വിദഗ്ധനായിരിക്കെ ഖാദർ കമ്മറ്റിയിൽ അംഗമായി നിയമിതനായിരുന്നോ എന്നറിയിക്കാമോ; | (ബി) | നിയമിതനായിരുന്നു. |
| (സി) | എങ്കിൽ അദ്ദേഹത്തിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിദ്യാഭ്യാസ വിദഗ്ധൻ എന്ന നിലയ്ക്കുള്ള ശമ്പളം/പ്രതിഫലം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവയ്ക്ക് പുറമെ ഖാദർ കമ്മറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് അനുവദിച്ച പ്രതിഫലം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | ഖാദർ കമ്മിറ്റി അംഗങ്ങൾക്ക് ശമ്പളം നൽകിയിരുന്നില്ല. സമിതിയുടെ സിറ്റിംഗ് നടത്തിയ ദിവസങ്ങളിൽ സിറ്റിങ്ങ് ഫീസാണ് അനുവദിച്ചത്. കൂടാതെ അർഹമായ യാത്രാബത്തയും അംഗങ്ങൾക്ക് നൽകിയിരുന്നു. ഡോ.രാമകൃഷ്ണന് സിറ്റിങ്ങ് ഫീസായി 1,52,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഡോ.സി.രാമകൃഷ്ണൻ 15.09.2021 - ന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ നിന്നും വിടുതൽ ചെയ്തു. തുടർന്ന് നടന്ന സിറ്റിങ്ങുകൾക്കായി യാത്രാബത്ത ഇനത്തിൽ 16,838/- (പതിനാറായിരത്തി എണ്ണൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രവർത്തനങ്ങൾക്കായി നിലവിൽ ഏതെങ്കിലും വിദഗ്ധർ ഇപ്പോഴും സേവനം അനുഷ്ഠിച്ചു വരുന്നുണ്ടോ; എങ്കിൽ സേവനത്തിന്റെ സ്വഭാവമെന്തെന്നും അത്തരം വിദഗ്ധർക്ക് നൽകുന്ന | (ഡി) | ഇല്ല |

| | | | |
|---|---|---|---|
| | ശമ്പളം/ പ്രതിഫലം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്നും സംബന്ധിച്ച വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ